# ഐടി വിസ് ക്വിസ് മത്സരം ഓക്ടോബർ അഞ്ചിന് കൊച്ചിയിൽ

**കൊച്ചി:** ടിസിഎസ് ഐടിവിസ് 2016 ക്വിസ് മത്സരം ഓക്ടോബർ അഞ്ചിന് കൊച്ചിയിൽ കലൂർ ഗോകുലം പാർക്ക് ആന്റ് കൺവെൻഷൻ സെന്ററിൽ വച്ചു നടക്കും. സ്കൂൾകുട്ടികൾക്കായി നടത്തുന്ന രാജ്യത്തെ ഏറ്റവും വലിയടെക്നോളജിക്വിസ് മത്സരമാണ് ടിസിഎസ് ഐടിവിസ്.

എട്ടാം തരംമുതൽ പന്ത്രണ്ടാം തരം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം. പ്രവേശനഫീസില്ല. ഓരോവിദ്യാഭ്യാസസ്ഥാപനത്തിനും രണ്ടു പേരടങ്ങുന്ന പരമാവധി എട്ടു ടീമുകളെ മത്സരത്തിനായി അയയ്ക്കാം.

എൻട്രികൾ ഒക്ടോബർ മൂന്നിനു മുൻപായിടിസിഎസ്ഐടിവിസ്കോർഡിനേറ്റർ, ടാറ്റ കൺസൾട്ടൻസി സർവീസസ്, ടിസിഎസ്സെന്റർസെസ്യൂണിറ്റ്, ഇൻഫോപാർക്ക് കൊച്ചി 682042 എന്ന വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്കായി 8547894433 എന്ന നമ്പറിൽ വിളിക്കുകയോ രേശെരേംശ്വരീ എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോചെയ്യുക.

കൊച്ചിയ്ക്കു പുറമെ അഹമ്മദാബാദ്, ബാംഗ്ലൂർ, ഭുവനേശ്വർ, ചെന്നൈ, കോയമ്പത്തൂർ, ഡൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊൽക്കത്ത, ലക്നൗ, മുംബൈ, നാഗ്പൂർ, പൂനെ, വിശാഖപട്ടണം എന്നിവിടങ്ങളിലും മത്സരം നടക്കും.

പ്രാഥമികഘട്ടത്തിലെ എഴുത്തു പരീക്ഷയിൽ മുന്നിട്ടു നിൽക്കുന്ന ആറു ടീമുകൾക്കാണ് പ്രാദേശികഫൈനലിൽ പങ്കെടുക്കാൻ അവസരം. ഒരേസ്കൂളിൽ നിന്ന് ഒന്നിലധികംസ്കൂളുകൾ യോഗ്യത നേടിയാൽ ഏറ്റവുംകൂടുതൽ മാർക്ക് നേടുന്ന ടീമിനാകും അവസരം. പ്രാദേശികഫൈനലുകളിൽവിജയിക്കുന്ന ടീമുകൾ ഡിസംബറിൽമുംബൈയിൽ നടക്കുന്ന മെഗാഫൈനലിൽ മാറ്റുരയ്ക്കും. പ്രാദേശികഫൈനലുകളിലെ വിജയികൾക്ക്ഐപാഡ്എയർ, ഐപാഡ് മിനി, ട്രോഫികൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയാണ് സമ്മാനം.